(ബി) 22575 സംഭവങ്ങൾ

(സി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഡി.ജി.പി.യുടെ കീഴിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ ഒരു വനിതാ സെല്ലും ജില്ലകൾതോറും ജില്ലാ പോലീസ് സൂപ്രണ്ട്/ പോലീസ് കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു ഡിവൈ.എസ്.പി.യുടെ ചുമതലയിൽ ഒരു വനിതാ എസ്.ഐ.യുടെ കീഴിൽ വനിതാ സെല്ലും രൂപീകരിച്ച് സ്ത്രീകളുടെ പരാതികൾ പ്രത്യേകമായി അന്വേഷിച്ചുവരുന്നു. സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ ഉണ്ടായാൽ അടിയന്തിരമായി അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റു ചെയ്ത് അന്വേഷണം പൂർത്തിയാക്കി നിയമ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

71 (71) സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 മേയ് 30 വരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങളും സംഘട്ടനങ്ങളും നടന്നിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർ കൊല്ലപ്പെട്ടു; എത്രപേർക്ക് പരിക്കുപറ്റിയിട്ടുണ്ട്;

(സി) രാഷ്ട്രീയ സംഘട്ടനങ്ങൾ നിയന്ത്രിക്കുവാൻ പോലീസിന് ബലപ്രയോഗങ്ങൾ ആവശ്യമായി വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ലാത്തിചാർജ്ജും ടിയർഗ്യാസ് ഷെൽ പ്രയോഗവും വെടിവയ്പും നടന്നിട്ടുണ്ട്;

(ഇ) കൊല്ലപ്പെട്ടവർ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ്;

(എഫ്) ഓരോ കേസ്സിലെയും പ്രതികളും അവർക്കുള്ള രാഷ്ട്രീയ ബന്ധവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രാഷ്ട്രീയ കൊലപാതകങ്ങൾ - 38 (മുപ്പത്തിയെട്ട്)

രാഷ്ട്രീയ സംഘട്ടനങ്ങൾ - 2475 (രണ്ടായിരത്തി നാന്നൂറ്റി എഴുപത്തി അഞ്ച്)

(ബി) കൊല്ലപ്പെട്ടവർ - 38 (മുപ്പത്തിയെട്ട്)

പരിക്കേറ്റവർ - 3966 (മൂവായിരത്തി തൊള്ളായിരത്തി അറുപത്തിയാറ്)

(സി) ഉണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ഒരു ലാത്തിചാർജ്ജ് ഉണ്ടായിട്ടുണ്ട്. വെടിവയ്പ്പോ ടിയർഗ്യാസ് ഷെൽ ബലപ്രയോഗമോ ഉണ്ടായിട്ടില്ല.

(ഇ)&(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly